**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ** സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിൽ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ പാലപ്രയിലെ ജിബി.എൽ.പി. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലാന്റ് അക്വിസിഷൻ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3261/18/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 29.12.2018.

---

പരാമർശം - 1) വട്ടംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.04.2018 ലെ 12-ാം നമ്പർ തീരുമാനം.

2) വട്ടംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.05.2018 ലെ എ 4-3233/18-ാം നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 15.10.2018 - ലെ സി2-17930/18-ാം നമ്പർ കത്ത്

**ഉത്തരവ്**

വട്ടംകുളം ഗ്രാമപഞ്ചായത്തിലെ പാലപ്രയിലെ ജിബി.എൽ.പി. സ്കൂൾ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിന് സ്കൂൾ നിലവിൽ സ്ഥിതി ചെയ്യുന്ന 20 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം വട്ടംകുളം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് പരാമർശം (2) പ്രകാരം, സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

ഏറ്റെടുക്കുന്ന ഭൂമി കരഭൂമിയാണെന്നും സ്കൂൾ കെട്ടിട നിർമ്മാണത്തിനായി സ്ഥലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലപ്രയിലെ ജി.ബി.എൽ.പി. സ്കൂളിന് അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിന് സ്കൂൾ നിലവിൽ സ്ഥിതി ചെയ്യുന്ന പൊന്നാനി താലൂക്കിൽ വട്ടംക്കുളം വില്ലേജിൽ സർവ്വേ നമ്പർ 98 / 3 ൽ ഉൾപ്പെട്ടുവരുന്ന 20 സെന്റ് സ്ഥലം 2013 ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് വട്ടംക്കുളം ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡണ്ട്, വട്ടകുളം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ